**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5511** **24-03-2025 - ൽ മറുപടിയ്ക്ക്**

**പ്രായപൂർത്തിയാകാത്തവരെ തട്ടിക്കൊണ്ടു പോകുന്ന സംഭവങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ശിശുക്കൾ ഉൾപ്പെടെയുള്ള പ്രായപൂർത്തിയാകാത്തവരെ തട്ടിക്കൊണ്ടു പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | 944 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | എങ്കിൽ ഈ സർക്കാർ അധികാരമേറ്റതിനു ശേഷം നാളിതുവരെ ഇത്തരത്തിൽ എത്ര കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; | (ബി) | 944 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (സി) | ഇതുമായി ബന്ധപ്പെട്ട് എത്ര കേസുകളിൽ പ്രതികളെ പിടികൂടി നിയമത്തിനു മുന്നിൽ എത്തിച്ചു; ഇനിയും എത്ര കേസുകളിൽ പ്രതികളെ കണ്ടെത്താനുണ്ട്; വിശദമാക്കുമോ; | (സി) | 944 കേസുകളിൽ 919 കേസിൽ പ്രതികളെ പിടികൂടി നിയമത്തിനു മുന്നിൽ എത്തിച്ചിട്ടുണ്ട്. 20 കേസുകളിൽ പ്രതികളെ കണ്ടെത്തേണ്ടതായിട്ടുണ്ട്. 5 കേസുകൾ പോലീസ് ഡിസ്പോസൽ (REF-3/FAD-1/FALSE-1) ചെയ്തിട്ടുള്ളതാണ്. |
| (ഡി) | പ്രസ്തുത കേസുകളിൽ ഉൾപ്പെടുന്ന കുറ്റവാളികൾക്ക് ജീവപര്യന്തം ഉൾപ്പെടെയുള്ള കർശന ശിക്ഷ ഉറപ്പാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കാമോ? | (ഡി) | ഇത്തരം കേസുകളിൽ കുറ്റവാളികൾക്ക് പരമാവധി ശിക്ഷ ലഭിക്കുന്നതിനായി ശാസ്ത്രീയമായ തെളിവുകളടക്കം ശേഖരിച്ച് പഴുതടച്ച കുറ്റപത്രം തയ്യാറാക്കി ബഹു.കോടതി മുമ്പാകെ സമർപ്പിച്ചുവരുന്നു. കൂടാതെ കേസുകളിൽ പോക്സോ നിയമ പ്രകാരമുള്ള കുറ്റകൃത്യം നടന്നിട്ടുണ്ടെങ്കിൽ ആയതിന്മേൽ വിചാരണ നടപടികൾ പരമാവധി വേഗത്തിലാക്കുവാൻ പോക്സോ കോടതികളും സ്ഥാപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ